"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയ്ക്ക് തിരുമല വില്ലേജിൽ അനുവദിച്ച 20.7250 ഏക്കർ ഭൂമിയുടെ പാട്ടനിരക്ക് സെന്റൊന്നിന് 100/- രൂപ നിരക്കിൽ 06/05/2014 മുതൽ പുതുക്കി നൽകിയിട്ടുള്ള 22.02.2019 തീയതിയിലെ സ.ഉ.(എം.എസ്) നം. 63/2019/റവ ഭേദഗതി വരുത്തി, വാർഷികപാട്ട നിരക്ക് സെന്റൊന്നിന് ഒരു രൂപ നിരക്കിൽ 06/05/2014 മുതൽ മുപ്പത് വർഷത്തേക്ക് പാട്ടം പുതുക്കി നിശ്ചയിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (യു) വകുപ്പ്

സ.ഉ.(കൈ) നം.166/2025/RD തീയതി,തിരുവനന്തപുരം, 07-06-2025

---

പരാമർശം:-

1. സ.ഉ.(കൈ)നം.364/1989/റവ തീയ്യതി 06/05/1989.
2. സ.ഉ.(കൈ)നം.175/2009/റവ തീയ്യതി 08/05/2009.
3. സ.ഉ.(കൈ)നം.63/2019/റവ തീയ്യതി 22/02/2019.
4. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജി ഡയറക്ടറുടെ 05/01/2022-ലെ No.P&A/I/01/BMT-SCTISMT/2022 അപേക്ഷ.
5. ലാന്റ് റവന്യൂ കമ്മീഷണറുടെ 27/10/2024-ലെ LR/8693/2022-LR(J6) നമ്പർ റിപ്പോർട്ട്.

<u>ഉത്തരവ്</u>

കേന്ദ്ര സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജി (SCTIMST) എന്ന സ്ഥാപനത്തിന് തിരുവനന്തപുരം ജില്ലയിൽ ടി താലൂക്കിൽ തിരുമല വില്ലേജിൽ സർവ്വേ നം. 1851, 1855, 1859 എന്നിവയിൽപ്പെട്ട 20.7250 ഏക്കർ ഭൂമി, സെന്റൊന്നിന് 1 രൂപ നിരക്കിൽ, 1976 മുതൽ 25 വർഷത്തേക്ക് പരാമർശം 1 പ്രകാരം പാട്ടത്തിന് അനുവദിച്ചിരുന്നു. പരാമർശം 2 പ്രകാരം 2014 വരെ പാട്ടക്കാലാവധി വർദ്ധിപ്പിച്ചു നൽകുകയും, വർഷത്തിൽ സെന്റ് ഒന്നിന് ഒരു രൂപ നിരക്കിൽ പാട്ടക്കാലാവധി അവസാനിക്കുംവരെ തുടരുവാൻ അനുവദിക്കുകയും ചെയ്തിരുന്നു.

2. ടി കാലാവധി കഴിഞ്ഞതിനെ തുടർന്ന് പരാമർശം 3 പ്രകാരം ഇതേ ഭൂമി സെന്റ് ഒന്നിന് 100/- രൂപ നിരക്കിൽ 06.05.2014 മുതൽ 30 വർഷത്തേക്ക് പാട്ടം പുതുക്കി നൽകുകയുണ്ടായി.

3. 06.05.2014 മുതൽ 31.03.2021 വരെയുള്ള പാട്ടക്കുടിശ്ശികയായി 14,30,877/- രൂപ ഒടുക്കണമെന്നു കാണിച്ച് ജില്ലാ കളക്ടർ ഡിമാൻഡ് നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി പാട്ടത്തുക ഒഴിവാക്കി നൽകുകയോ, ടി ഭൂമിയുടെ ഉടമസ്ഥാവകാശം ടി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറുടെ പേരിലേക്ക് കൈമാറുകയോ, അല്ലെങ്കിൽ സെന്റൊന്നിന് 1/- രൂപ നിരക്കിൽ തന്നെ പാട്ടം തുടർന്നും അനുവദിക്കുകയോ ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജി ഡയറക്ടർ പരാമർശം 4 പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

4. ആതുരശ്രുശ്രൂഷ രംഗത്തും, വൈദ്യശാസ്ത്ര വിദ്യാഭ്യാസം, ഗവേഷണം എന്നീ മേഖലകളിലും അതിനൂതനമായ സാങ്കേതിക വിദ്യ സമന്വയിപ്പിച്ച്, മികച്ച നേട്ടങ്ങൾ കൈവരിച്ച് രാജ്യത്തിന്റെ അഭിമാനമായ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജി എന്ന സ്ഥാപനത്തിന് നാമമാത്രമായ നിരക്കിലോ, സൗജന്യ നിരക്കിലോ പാട്ടം അനുവദിച്ച് നൽകുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിക്കാവുന്നതാണ് എന്ന് പരാമർശം 5 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ സമർപ്പിക്കുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആതുരശുശ്രൂഷ രംഗത്തും, വൈദ്യശാസ്ത്ര വിദ്യാഭ്യാസം, ഗവേഷണം എന്നീ മേഖലകളിലും ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജി രാജ്യത്തിന്റെ അഭിമാനമായ സ്ഥാപനമാണെന്നതിനാലും ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശ പരിഗണിച്ചും ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയ്ക്ക് തിരുമല വില്ലേജിൽ അനുവദിച്ച 20.7250 ഏക്കർ ഭൂമി സെന്റൊന്നിന് 100/- രൂപ പാട്ടനിരക്കിൽ 06/05/2014 മുതൽ പുതുക്കി നൽകിയിട്ടുള്ള 22.02.2019 തീയതിയിലെ സ.ഉ.(എം.എസ്) നം.63/2019/റവ ഉത്തരവ് ഭേദഗതി വരുത്തി, വാർഷികപാട്ട നിരക്ക് സെന്റൊന്നിന് ഒരു രൂപ നിരക്കിൽ 06/05/2014 മുതൽ മുപ്പത് വർഷത്തേക്ക് പാട്ടം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. പ്രസ്തുത ഭേദഗതിയോടെ പരാമർശം 3 ഉത്തരവ് നിലനിൽക്കുന്നതാണ്.

7. ഇക്കാര്യത്തിൽ നിയമപരമായ തുടർനടപടികൾ തിരുവനന്തപുരം ജില്ല കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഈ), കേരള, തിരുവനന്തപുരം.
ധനകാര്യവകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ് (05/06/2024 ലെ ഇനം നം. 2998 പ്രകാരം).
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്.
സ.ഉ.(കൈ) നം.63/2019/റവ തീയ്യതി 22/02/2019.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 09-06-2025 10:43:49

പകർപ്പ് :- ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്